വിശുദ്ധ നിക്കോളാസ് ദേവാലയം,
പുതിയതുറ
03.05.2009

അപ്പ. പ്രവ. 4, 8-12
പ്രതിവചനം 118, 22
1 യോഹ. 3, 1-2
യോഹ. 10, 11-18

''പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു'' (സങ്കീ. 118, 22).

1. ദൈവമായ യേശുവാണ് മൂലക്കല്ല്

''പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു''. യഹൂദന്മാരുടെ ഇടയിലുണ്ടായിരുന്ന ഒരു ചൊല്ലാണിത്. ഇന്നത്തെ ആദ്യ ലേഖനത്തിലും പ്രതിവചന സങ്കീർത്തനത്തിലും നാം ഈ പഴമൊഴി ശ്രവിക്കുകയുണ്ടായി. സമാന്തര സുവിശേഷങ്ങളിൽ ഈ പഴമൊഴി ഉദ്ധരിച്ചുകൊണ്ട് യേശു തന്നെത്തന്നെ പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ ഈ മൂലക്കല്ലായി അവതരിപ്പിക്കുന്നു. ഇന്നത്തെ ആദ്യലേഖനത്തിൽ യേശുവിനെ പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ മൂലക്കല്ലായി എടുത്തുകാണിച്ചുകൊണ്ട് യഹൂദന്യായാധിപ സംഘത്തോട് പത്രോസ് ഇപ്രകാരം പറയുന്നതാണ് നാം വായിച്ചുകേട്ടത്: ''വീട്ടുപണിക്കാരായ നിങ്ങൾ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു. ആ കല്ലാണ് യേശു. മറ്റാരിലും രക്ഷയില്ല. ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കു വേണ്ടി വേറൊരു നാമവും നല്കപ്പെട്ടിട്ടില്ല'' (അപ്പോ. നട. 4, 11-12).

2. മൂലക്കല്ല് ഉപേക്ഷിക്കുന്ന മനുഷ്യർ

''പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു''. ഈ പഴമൊഴിയിലൂടെ യേശുവും അപ്പോസ്തലന്മാരും സങ്കീർത്തകനും നമ്മെ പഠിപ്പിക്കുന്നതിതാണ്: ദൈവമാണ് നമ്മുടെ ജീവിതത്തിന്റെ മൂലക്കല്ല്. ദൈവത്തെ സ്വന്തമാക്കുന്നതാണ് നമുക്ക് കിട്ടാവുന്ന ഏറ്റവും വലിയ അനുഗ്രഹം. ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സഞ്ചരിച്ചുകൊണ്ട് അവിടുത്തെ ഇഷ്ടം നിറവേറ്റുകയാണ് രക്ഷപ്രാപിക്കുവാനുള്ള ഒരേ ഒരു വഴി. മൂലക്കല്ലായ ദൈവത്തെയും അവിടുത്തെ മാർഗ്ഗ നിർദ്ദേശങ്ങളെയും ഉപേക്ഷിച്ചുകൊണ്ട് തന്നിഷ്ടം പോലെ ജീവിക്കുവാനാഗ്രഹിക്കുന്ന ഒരു ലോകത്തിലും സമൂഹത്തിലുമാണ് നാം ഇന്ന് ജീവിക്കുന്നത്. മൂലക്കല്ലു കൂടാതെ ഭവനം നിർമ്മിക്കുവാനും അത് പൂർത്തിയാക്കുവാനും സാധിക്കുകയില്ലല്ലോ. ഇതുപോലെ നേട്ടങ്ങൾ നിരവധി വാരിക്കൂട്ടുന്നുവെന്ന് അഭിമാനിക്കുന്നെങ്കിലും ദൈവത്തെ തിരസ്ക്കരിക്കുന്ന ഇന്നത്തെ ലോകത്തിന് ഒന്നിലും ഒരു സംതൃപ്തിയും കണ്ടെത്താനാവുന്നില്ല. ഇന്നു നമ്മുടെ ചിന്താവിഷയമിതാണ്: മൂലക്കല്ല് ഉപേക്ഷിക്കുന്ന പണിക്കാരാണോ നാം? ദൈവത്തിന്, ദൈവമായ യേശുവിന് നമ്മുടെ ജീവിതത്തിൽ എന്തുസ്ഥാനമുണ്ട്? പണിക്കാരായ നാം പലപ്പോഴും ഉപേക്ഷിച്ചുകളയുന്ന മൂലക്കല്ലല്ലേ ദൈവം?

കുഞ്ഞുങ്ങളോട് ഞാൻ സാധാരണ പറയാറുള്ള ഒരു കഥയുണ്ട്. ഒരിക്കൽ ഒരു ഇടയബാലൻ ആടുകളെയും മേയിച്ചു കൊണ്ട് ഒരു മരുപ്രദേശത്തുകൂടി സഞ്ചരിക്കുകയായിരുന്നു. വഴിയിൽ ഒരു റോസാപ്പൂവ് കിടക്കുന്നതു കണ്ടു. ഇത്രയും മനോഹരമായ ഒരു റോസാപ്പൂവ് ആ ബാലൻ

ഇതിനു മുമ്പോരിക്കലും കണ്ടിട്ടില്ല. നിറപ്പകിട്ടുമാത്രമല്ല വർണ്ണിക്കാനാവാത്ത സൗരഭ്യവും ആ പൂവിനുണ്ടായിരുന്നു. ഇടയബാലൻ ആ പൂവിനെ കൈയിലെടുത്ത് അതിന്റെ നിറവും മണവും ആസ്വദിച്ചുകൊണ്ട് ഒരു നിമിഷം അവിടെത്തന്നെ നിന്നു. പെട്ടെന്ന് ആ പൂവിൽ നിന്നും എന്തോ ദിവ്യ ശക്തി പ്രവഹിക്കുന്നതായി തോന്നി. മുമ്പിൽ നോക്കിയപ്പോൾ മരതകപ്പച്ചയുള്ള ഒരു ചെറിയ കുന്ന് ഉയർന്നുവരുന്നതുകണ്ടു. ആ കുന്നിന്റെ വശത്തുള്ള ഗുഹയുടെ കവാടം വെട്ടിത്തിളങ്ങുന്നുണ്ടായിരുന്നു. കവാടത്തിലൂടെ ഉള്ളിലേയ്ക്ക് കടന്ന ബാലൻ അവിടെയുണ്ടായിരുന്ന രത്നക്കല്ലുകൾ കണ്ട് അത്ഭുതപ്പെട്ടുപോയി. കൈയിലുണ്ടായിരുന്ന റോസാപ്പൂവ് താഴെ ഇട്ടിട്ട് ആ ബാലൻ കുറെയേറെ രത്നക്കല്ലുകൾ വാരിയെടുത്തു. തിരിച്ചുപോരാൻ നേരത്ത് ആ ബാലൻ ആരോ തന്നോട് ഇപ്രകാരം പറയുന്നതു കേട്ടു: ''ഏറ്റവും വിലപ്പെട്ടത് എടുക്കാൻ മറന്നുപോകരുത്.'' ബാലൻ വീണ്ടും ഗുഹയ്ക്കുള്ളിലേയ്ക്ക് ചെന്നു. കൈയിലുണ്ടായിരുന്നതിനെക്കാളും വിലയേറിയ നിറപ്പകിട്ടാർന്ന നിരവധി രത്നക്കല്ലുകൾ അവിടെ കിടക്കുന്നതുകണ്ടു. കൈയിലൊതുക്കാവുന്നതൊക്കെ അവൻ വാരിയെടുത്തു. പുറത്തേക്ക് കടക്കാൻ നേരത്ത് വീണ്ടും അശരീരി: ''ഏറ്റവും വിലപ്പെട്ടത് എടുക്കാൻ മറന്നുപോകരുത്''. ബാലൻ തിരിച്ച് ഗുഹയുടെ കുറേകൂടി ഉള്ളിലേയ്ക്ക് പോയി. അവിടെയെല്ലാം വെട്ടിത്തിളങ്ങുന്ന വിലയേറിയ പവിഴക്കല്ലുകൾ നിറഞ്ഞു കിടക്കുന്നു. തോളിലുണ്ടായിരുന്ന സഞ്ചി മുഴുവനും ആ പവിഴക്കല്ലുകൾ കൊണ്ട് നിറച്ചു. പുറത്തിറങ്ങാൻ നേരത്ത് വീണ്ടും പഴയ അശരീരി കേട്ടുവെങ്കിലും ആ ബാലൻ അത് കൂട്ടാക്കിയില്ല. കാരണം ഇതിലുമപ്പുറം പവിഴവും രത്നവും വാരിയെടുക്കാൻ ആ ബാലനു സാധിക്കുമായിരുന്നില്ല. എങ്കിലും ''ഏറ്റവും വിലപ്പെട്ടത് എടുക്കാൻ മറന്നുപോകരുത്'' എന്ന ശബ്ദം മുഴങ്ങിക്കൊണ്ടുതന്നെയിരുന്നു. ബാലൻ പുറത്തേയ്ക്കു കടന്നതോടെ ഗുഹയുടെ വാതിലടഞ്ഞു. മുന്നിൽ കണ്ട കുന്ന് അപ്രത്യക്ഷമായി. കൈയിലും സഞ്ചിയിലുമുണ്ടായിരുന്ന പവിഴങ്ങളെയും രത്നങ്ങളെയും നോക്കിയപ്പോൾ അവയെല്ലാം ഒരുപിടി ചാരമായി താഴെവീഴുന്നതാണ് ആ ബാലൻ കണ്ടത്. അശരീരി നൽകിയ മുന്നറിയിപ്പ് അവൻ വകവെച്ചില്ല; അതിന്റെ അർത്ഥം അവൻ മനസ്സിലാക്കിയില്ല. രത്നങ്ങളോടും പവിഴങ്ങളോടുമുള്ള ആർത്തികാരണം ഈ എല്ലാ സൗഭാഗ്യങ്ങളും തന്റെ മുമ്പിൽ കൊണ്ടുവന്ന റോസാപൂവ് എടുക്കാൻ അവൻ മറന്നുപോയി. ആ പൂവ് ഗുഹയ്ക്കുള്ളിൽത്തന്നെ ഉപേക്ഷിച്ചിട്ടാണ് കൈയിൽ കിട്ടിയ രത്നങ്ങളുമായി അവൻ പുറത്തേക്കു കടന്നത്. എല്ലാം ഒരുപിടി ചാരത്തിലവസാനിച്ചു. കാരണം മൂലക്കലിന്, ദിവ്യശക്തിയുള്ള ആ റോസാപൂവിന് അർഹിക്കുന്ന പ്രാധാന്യം കൊടുക്കാൻ അവൻ മറന്നുപോയി.

## 3. ദൈവത്തോടൊപ്പം എല്ലാം കിട്ടുന്ന - ദൈവത്തെകൂടാതെ ഉള്ളതും നഷ്ടമാവുന്നു.

ഏതാനും വർഷങ്ങൾക്കുമുമ്പ് പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ ''നസ്രായാന യേശു'' എന്ന പേരിൽ ഒരു പുസ്തകമെഴുതി പ്രസിദ്ധീകരിക്കുകയുണ്ടായി. ആ പുസ്തകത്തിൽ അദ്ദേഹം ചോദിക്കുന്ന ഒരു പ്രധാന ചോദ്യമിതാണ്: എന്താണ് യേശു നമുക്കായി കൊണ്ടുവന്നത്? എന്താണ് യേശു നമുക്കു തരുവാനാഗ്രഹിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം? അനുഗ്രഹങ്ങൾക്കായിട്ടാണല്ലോ നാമെല്ലാവരും തീർത്ഥാടകരായി ഇവിടെ എത്തിയിരിക്കുന്നത്. ഏതനുഗ്രഹവും നമുക്കു തരാൻ ദൈവം സന്നദ്ധനാണ്. ഏറ്റവും വലിയ അനുഗ്രഹമെന്തെന്ന് തിരിച്ചറിയാനും അത് ചോദിക്കുവാനും അത് സ്വീകരിക്കുവാനും നമുക്ക് കഴിയണം. എന്താണ് യേശു നമുക്കു തരുവാനാഗ്രഹിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം. പരിശുദ്ധ പിതാവ് തന്നെ തന്റെ ഗ്രന്ഥത്തിൽ

ഇതിനുള്ള ഉത്തരം നമുക്കു നൽകുന്നു: സമൃദ്ധിയല്ല, സമ്പത്തല്ല, അധികാരമല്ല, വെറും ഭൗതികങ്ങളായ സുഖഭോഗങ്ങളല്ല, പിന്നെയോ യേശു നമുക്കായി കൊണ്ടുവന്നത് ദൈവത്തെത്തന്നെയാണ്. എല്ലാ ദാനങ്ങളെക്കാളും വിലയേറിയവനാണ് ദാതാവായ ദൈവം. ദൈവത്തെ സ്വന്തമാക്കുന്നവൻ എല്ലാം സ്വന്തമാക്കുന്നു. ദൈവത്തെ കൂടാതെ എല്ലാം അടക്കിപിടിക്കുവാൻ ശ്രമിക്കുന്നവൻ ഉള്ളതും നഷ്ടമാക്കുന്നു. അതുകൊണ്ടാണ് ഏറ്റവും വലിയ ദാനമായ ദൈവത്തെ സ്വന്തമാക്കുവാൻ, ദൈവത്തിനു വേണ്ടി ദാഹിക്കുവാൻ യേശു നമ്മെ ഉപദേശിക്കുന്നത്: ''നിങ്ങൾ ആദ്യം അവിടുത്തെ (ദൈവത്തിന്റെ) രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക, അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും'' (മത്താ. 6, 33). ഈ ഉപദേശം തന്നെയാണ് പൗലോസ് അപ്പോസ്തലന്റെ ഈ ചോദ്യത്തിലുള്ളതും: ''സ്വപുത്രനെപ്പോലും ഒഴിവാക്കാതെ നമുക്കെല്ലാവർക്കും വേണ്ടി അവനെ ഏല്പിച്ചുതന്നവൻ അവനോടുകൂടി സമസ്തവും നമുക്കു ദാനമായി നൽകാതിരിക്കുമോ?'' (റോമാ. 8, 32). മൂലക്കല്ലായ ദൈവത്തോടൊപ്പം, ദൈവമായ യേശുവിനോടൊപ്പം എല്ലാം കിട്ടുന്നു; ദൈവത്തെ കൂടാതെ ഉള്ളതും നഷ്ടമാവുന്നു. എന്നാൽ പലപ്പോഴും മൂലക്കലിനെ എളുപ്പം ഉപേക്ഷിക്കുന്ന മനോഭാവമാണ് പണിക്കാരായ നാമൊക്കെ വച്ചുപുലർത്തുന്നത്.

മാതാപിതാക്കളോടൊപ്പം നമ്മെ സന്ദർശിക്കാനെത്തുന്ന കൊച്ചു കുഞ്ഞുങ്ങൾക്ക് നാം ചോക്ലേറ്റോ മിഠായിയോ നൽകാറുണ്ട്. എന്നാൽ എന്റെ അനുഭവമിതാണ്. പലപ്പോഴും കുഞ്ഞുങ്ങൾ അതു വാങ്ങാറില്ല. അവർ അമ്മയുടെ പക്കലേക്ക് ഓടും; അമ്മയുടെ മുഖത്തു നോക്കും; അമ്മ മേടിച്ചു കൊടുത്താൽ അത് സ്വീകരിക്കും. വലിയവലിയ സമ്മാനങ്ങളേക്കാൾ കുഞ്ഞുങ്ങൾക്ക് വലുത് അമ്മയാണ്; അമ്മയുടെ സാന്നിദ്ധ്യമാണ്. ആവശ്യമുള്ളത് ആവശ്യമുള്ള നേരത്ത് കൊടുക്കുന്ന അമ്മ കൂടെയുള്ളപ്പോൾ കുഞ്ഞുങ്ങൾക്ക് മറ്റൊന്നിനെക്കുറിച്ചും ആകുലതയോ വ്യഗ്രതയോ ഇല്ല; അവർ എപ്പോഴും സന്തോഷഭരിതരായി പൂമ്പാറ്റകളെപ്പോലെ തുള്ളിച്ചാടി നടക്കുന്നതിന്റെ രഹസ്യമിതാണ്. ദൈവത്തിന്റെ മുമ്പിൽ നാമെല്ലാവരും കുഞ്ഞുങ്ങളാണ്. ഒരു കുഞ്ഞ് അമ്മയെ ഏറ്റവും വലിയ അനുഗ്രഹമായി കാണുന്നതുപോലെ ദൈവത്തെ നമ്മുടെ ജീവിതത്തിന്റെ മൂലക്കല്ലായി നാം കാണുകയാണെങ്കിൽ ദൈവത്തിന്റെ നിരവധി ദാനങ്ങളെക്കാൾ അവിടുത്തെ സാന്നിദ്ധ്യത്തിനായി ദാഹിക്കുന്നവരായിരിക്കും നാം; അവിടുത്തെ ഇഷ്ടാനുസരണം ജീവിക്കാൻ നമ്മെത്തന്നെ സമർപ്പിക്കും; അപ്പോൾ നമ്മുടെ ജീവിതവും കുഞ്ഞുങ്ങളുടെ ജീവിതത്തെപ്പോലെ സന്തോഷഭരിതമായിരിക്കും.

## 4. നമ്മൾ വിശ്വസിക്കുന്ന ദൈവമാരാണെന്ന് നമുക്കറിയാമോ?

ഇന്നു നിങ്ങളോടുള്ള എന്റെ ചോദ്യമിതാണ്. നമ്മുടെ ജീവിതത്തിന്റെ മൂലക്കലായിരിക്കേണ്ട ഈ ദൈവം ആരാണെന്ന് യഥാർത്ഥത്തിൽ നമുക്കറിയാമോ? നിങ്ങളെല്ലാവരും എനിക്ക് തരാൻ പോകുന്ന ഉത്തരമിതായിരിക്കും: ''തീർച്ചയായും ദൈവത്തെ ഞങ്ങൾക്കറിയാം. ഈ ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു; ഈ ദൈവത്തോടാണ് ഞങ്ങൾ പ്രാർത്ഥിക്കുന്നത്. ഇപ്പോൾത്തന്നെ ഇതിനായിട്ടാണ്, ഈ ദൈവത്തിന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കുവാനായിട്ടാണ് ഞങ്ങൾ തീർത്ഥാടകരായി ഇവിടെ വന്നിരിക്കുന്നത്.'' വീണ്ടും നിങ്ങളോടുള്ള എന്റെ ചോദ്യമിതാണ്: നിങ്ങൾ വിശ്വസിക്കുന്നുവെന്നു പറയുന്ന, നിങ്ങൾ പ്രാർത്ഥിക്കുന്നുവെന്നു പറയുന്ന ഈ ദൈവത്തെ സത്യമായും അറിയുന്നവരാണോ നിങ്ങൾ? തീർച്ചയായും ദൈവത്തെക്കുറിച്ച്

നമുക്കോരോരുത്തർക്കും നമ്മുടേതായ ധാരണകളും സങ്കല്പങ്ങളുമുണ്ട്. എന്നാൽ അത് നമ്മുടെ ജീവിതത്തിന്റെ മൂലക്കല്ലായ ദൈവസങ്കല്പമായിരിക്കണമെന്നില്ല. പലപ്പോഴും ക്രൈസ്തവരായ നമുക്കു തന്നെയും ദൈവത്തെക്കുറിച്ച് വികലവും വികൃതവുമായ സങ്കല്പങ്ങളും ധാരണകളുമാണുള്ളത്; യഥാർത്ഥ ദൈവം, മൂലക്കല്ലായ ദൈവം പണിക്കാരായ നാമൊക്കെ ഉപേക്ഷിച്ചുകളഞ്ഞ, ആർക്കും വേണ്ടാത്ത ഒരു കല്ലായി അവശേഷിക്കുകയാണ് ചെയ്യുന്നത്.

## 5. ദൈവത്തെക്കുറിച്ചുള്ള അപൂർണ്ണവും വികലവും വിചിത്രവുമായ സങ്കല്പങ്ങൾ

ഓരോ മതവും ഓരോരോ ദൈവങ്ങളെയാണ് നമുക്കു കാണിച്ചുതരുന്നത്. ഇതിൽ ഏതാണ് നമ്മുടെ ജീവിതത്തിന് മൂലക്കല്ലായിരിക്കേണ്ട യഥാർത്ഥ ദൈവം? ഒരേ മതത്തിലുള്ളവർ തന്നെയും ദൈവത്തെക്കുറിച്ച് വ്യത്യസ്ഥങ്ങളായ ചിത്രങ്ങളാണ് തങ്ങളുടെ മനസ്സിൽ വച്ചുപുലർത്തുന്നത്. ദൈവത്തെക്കുറിച്ചുള്ള മനുഷ്യരുടെ അപൂർണ്ണവും വികലവും വിചിത്രവുമായ ധാരണകളുടെയും സങ്കല്പങ്ങളുടെയും ഒരു പട്ടികതന്നെ നിരത്തിവയ്ക്കാൻ സാധിക്കും:

- ചിലരെയൊക്കെ ഇഷ്ടപ്പെടുകയും അനുഗ്രഹിക്കുകയും മറ്റുള്ളവരെയെല്ലാം വെറുക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്ന ഒരു ശക്തിയായിട്ടാണ് പലരും ദൈവത്തെ കാണുന്നത്. ഉദാഹരണത്തിന് യഹൂദരിൽ പലരും വിശ്വസിച്ചിരുന്നത് തങ്ങൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട അനുഗ്രഹിത ജനതയെന്നും മറ്റുള്ളവരെല്ലാം നരകത്തിനു വിറകുകൊള്ളികളായി സൃഷ്ടിക്കപ്പെട്ടവരുമെന്നാണ്.
- പ്രാർത്ഥനയിലൂടെയും ബലിയർപ്പണത്തിലൂടെയും തന്നെ പ്രസാദിപ്പിക്കുന്നവരുടെ മേൽ അനുഗ്രഹങ്ങൾ വാരിച്ചൊരിയുകയും മറ്റുള്ളവരെയെല്ലാം അന്യരായിക്കണ്ട് തള്ളിക്കളയുകയും അവഗണിക്കുകയും ചെയ്യുന്ന ഒരു ദൈവത്തെക്കുറിച്ചുള്ള സങ്കല്പമാണ് മറ്റുചിലരുടെയൊക്കെ മനസ്സിലുള്ളത്.
- നിയമാനുഷ്ഠാനങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും സന്തോഷിക്കുകയും സംതൃപ്തനാവുകയും ചെയ്യുന്നവനായിട്ടാണ് വേറെ ചിലരൊക്കെ ദൈവത്തെ അവതരിപ്പിക്കുന്നത്.
- പലരെ സംബന്ധിച്ചും ദൈവം ഈ ലോകവുമായി ഒരു ബന്ധവുമില്ലാത്ത ഏതോ ഒരു ത്രിശങ്കു സ്വർഗ്ഗത്തിൽ കഴിയുന്നവനാണ്. ആകാശ മണ്ഡലങ്ങളിലിരുന്ന് അനുഗ്രഹിക്കുന്ന ദൈവത്തെ പുരോഹിതന്മാർ അവതരിപ്പിക്കുമ്പോൾ മരണശേഷം നിത്യജീവൻ നൽകുന്ന ഒരു ശക്തിയെയാണ് പലപ്പോഴും വിശ്വാസികൾ തങ്ങളുടെ മനസ്സിൽ ദൈവമായി സങ്കല്പിക്കുന്നത്.
- ചിലരുടെയൊക്കെ സങ്കല്പത്തിലുള്ള ദൈവം പ്രതാപവും പ്രശസ്തിയും സമ്പത്തും സമൃദ്ധിയും ആസ്തികളും സമുച്ചയങ്ങളുമുള്ള ഒരു ക്യാപിറ്റലിസ്റ്റ് അഥവാ മുതലാളിയാണ്.
- മറ്റു ചിലരൊക്കെ ദൈവത്തെ കാണുന്നത് എല്ലാ സന്തോഷങ്ങളും വെറുത്ത് സഹിച്ചും കരഞ്ഞും കഴിയുന്നവരിൽ സംതൃപ്തനാകുന്ന ഒരു വിചിത്ര ജീവിയായിട്ടാണ്.

ഇങ്ങനെ നീണ്ടുപോകും മനുഷ്യന് ദൈവത്തെ കുറിച്ചുള്ള അപൂർണ്ണവും വികലവും വിചിത്രവുമായ സങ്കല്പങ്ങളുടെ പട്ടിക. ഈ പട്ടികയിൽ നിന്നും ഓരോരുത്തരും തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസൃതമായ ദൈവസങ്കല്പത്തെ തിരഞ്ഞെടുക്കുമ്പോൾ ജീവിതത്തിന്

മൂലക്കല്ലായിത്തീരേണ്ട യഥാർത്ഥ ദൈവം പണിക്കാർ ഉപേക്ഷിച്ച കല്ലായി പുറന്തള്ളപ്പെടുകയാണ് ചെയ്യുന്നത്.

## 6. ദൈവത്തിന്റെ പേരിൽ മനുഷ്യർ കാട്ടികൂട്ടുന്ന വിക്രിയകൾ

ഒരു പ്രത്യേക മതത്തിലെ അംഗങ്ങളായ ഒരു കൂട്ടം തീവ്രവാദികൾ കുറേ വർഷങ്ങൾക്ക് മുമ്പ് ഗൂജറാത്തിൽ മറ്റൊരു മതത്തിലെ അനുയായികളെ ആക്രമിച്ചു. ഈ അടുത്ത കാലത്ത് ഒറീസായിൽ നടന്നതും ഇതുതന്നെയാണ്. മാരകായുധങ്ങളുപയോഗിച്ച് മറ്റുള്ളവരെ പീഡിപ്പിക്കുവാനും കൂട്ടക്കൊല ചെയ്യുവാനും അവരുടെയൊക്കെ വസ്തുവകകൾ നശിപ്പിക്കുവാനും ഇവർക്ക് ഒരു മടിയുമില്ലായിരുന്നു. ഗർഭിണികളുടെ വയറുവെട്ടിപ്പിളർന്ന് ഗർഭസ്ഥ ശിശുവിനെ ദൂരെ വലിച്ചെറിയത്തക്ക വിധത്തിൽ കഠിന ഹൃദയരും ക്രൂരന്മാരുമായിരുന്നു ഇവരൊക്കെ. തങ്ങളുടെ ദൈവത്തോടും മതത്തോടും സംസ്കാരത്തോടുമുള്ള സ്നേഹം കൊണ്ടാണ് ഇതൊക്കെ ചെയ്തതെന്ന ന്യായീകരണമാണ് ഇവരെല്ലാം നൽകിയത്.

ഏതാനും കൊല്ലങ്ങൾക്ക് മുമ്പ് ഇതുപോലെ മതഭ്രാന്തന്മാരായ ചില തീവ്രവാദികൾ ന്യൂയോർക്കിലെ നൂറിലധികം നിലകളുള്ള ഇരട്ട ഗോപുരങ്ങൾ വിമാനങ്ങൾ കൊണ്ട് ഇടിച്ചു തകർക്കുകയും ആയിരക്കണക്കിനാളുകളുടെ ജീവനപഹരിക്കുകയും അമേരിക്കയെ അക്ഷരാർത്ഥത്തിൽ വിറപ്പിക്കുകയും ലോകത്തെ മുഴുവൻ ഞെട്ടിപ്പിക്കുകയും ചെയ്തു. ഇത്തരം ഭീകര പ്രവർത്തനങ്ങൾ ഇന്ന് ഒരു നിത്യ സംഭവമായി തീർന്നിരിക്കുന്നു. തങ്ങൾ വിശ്വസിക്കുന്ന ദൈവത്തൊടുള്ള സ്നേഹം കൊണ്ടാണ് ഇങ്ങനെയൊക്കെ പ്രവർത്തിക്കുന്നുവെന്ന വിശദീകരണമാണ് ഇവരൊക്കെ നൽകുന്നത്. ദൈവത്തിന്റെ പേരിലുള്ള ഇത്തരം ഭീകരപ്രവർത്തനങ്ങൾ കാരണം ഒന്നു പുറത്തിറങ്ങിയാൽ സുഖമായി സഞ്ചരിക്കാമെന്നോ സുരക്ഷിതമായി മടങ്ങി വരാമെന്നോ ആർക്കും ഒരു പ്രതീക്ഷയുമില്ലാതായിത്തീർന്നിരിക്കുന്നു.

എന്തിന് വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള സംഘർഷങ്ങളെക്കുറിച്ചു പറയുന്നു! ക്രിസ്ത്യാനികളെന്നു പറയുന്ന നമ്മുടെ ദൈവ വിശ്വാസവും പലപ്പോഴും വികലവും വിചിത്രവുമല്ലേ? പരിപാവനമായ കുരിശിന്റെ വഴിയുടെ അവസരത്തിൽ കൂടി സംഘർഷങ്ങളുണ്ടാക്കുകയും, ഭക്തജനങ്ങളെ ആക്രമിക്കുകയും എല്ലാവരുടെയും ആരാധനാ വിഷയമായ ക്രൂശിത രൂപത്തെത്തന്നെ അവഹേളിക്കുകയും തകർത്തു തരിപ്പണമാക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികളെന്നു പറയുന്നവർ നമ്മുടെ ഇടയിൽ തന്നെയുണ്ട്. മനുഷ്യരുടെ ഇത്തരം വികലമായ ദൈവസങ്കല്പങ്ങൾ കണ്ട് മനസ്സുനൊന്താണ് ഉപേക്ഷിക്കപ്പെട്ട മൂലക്കല്ലായ യഥാർത്ഥ ദൈവം കുരിശിൽക്കിടന്നു കൊണ്ട് ഇപ്രകാരം നിലവിളിച്ചു കരഞ്ഞത്: ''ഏലി, ഏലി, ലാമാ സബക്ഥാനി! അതായത് എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?'' (മത്താ. 27, 46).

കുറേ നാളുകൾക്ക് മുമ്പ് അല്പനേരം ഞാൻ റേഡിയോയിലെ ചില പരിപാടികൾ കേൾക്കുകയായിരുന്നു. ഒരു സ്ത്രീയും റേഡിയോ സ്റ്റേഷനിലെ പരിപാടി അവതാരകനും തമ്മിലുള്ള ടെലഫോണിലൂടെയുള്ള സംസാരമാണ് അപ്പോൾ പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്നത്. ആ സ്ത്രീയ്ക്ക് ഒരു പാട്ടുവേണം. ''കണ്ണു തുറക്കാത്ത ദൈവങ്ങളേ, കരയാനറിയാത്ത,

ചിരിക്കാനറിയാത്ത കളിമൺ പ്രതിമകളേ..'' എന്ന പാട്ടാണ് ആ സ്ത്രീ കേൾക്കാനാഗ്രഹിച്ചത്. എന്തുകൊണ്ട് ആ പാട്ട് തിരഞ്ഞെടുത്തതെന്ന് ചോദിച്ചപ്പോൾ അവർ നൽകിയ ഉത്തരമിതാണ്: ''ഈ പാട്ടു കേട്ടെങ്കിലും സമൂഹത്തിലെ മതഭ്രാന്തന്മാർ ഒന്നുകൂടി ആഴമായി ചിന്തിക്കുകയും നന്നാവുകയും ചെയ്യട്ടെ''. അതേ, ദൈവദൂഷണമെന്നു തോന്നിപ്പോകുന്ന പാട്ടുകൾ ഇന്ന് മനുഷ്യർ ഇഷ്ടപ്പെടുന്നു. ഇതിനു കാരണം മതഭ്രാന്തന്മാർ ദൈവത്തിന്റെ പേരിൽ കാണിച്ചുകൂട്ടുന്ന വിക്രിയകളാണ്. നിരീശ്വരവാദികളുടെ പ്രവർത്തനങ്ങളെക്കാൾ, മതവിരോധികളുടെ വെറുപ്പിനെക്കാൾ ഇന്ന് ദൈവവുമായുള്ള ബന്ധത്തെയും ദൈവത്തിലുള്ള വിശ്വാസത്തെയും തകർക്കുന്നത്. ദൈവവിശ്വാസികളെന്നു പറയുന്ന നമ്മുടെയൊക്കെത്തന്നെ ദൈവത്തെക്കുറിച്ചുള്ള വികലമായ ധാരണകളും ദുർമാതൃകകളുമാണ്.

പലതരത്തിലുള്ള യുദ്ധങ്ങൾക്കും കലാപങ്ങൾക്കും ചരിത്രം സാക്ഷിയാണ്. ശക്തി തെളിയിക്കുവാനായി, അധികാരം പിടിച്ചെടുക്കുവാനായി, വിഭവങ്ങൾ സ്വന്തമാക്കാനായി, ഭൂപ്രദേശങ്ങൾ വെട്ടിപ്പിടിക്കുവാനായി യുദ്ധങ്ങളും രക്തചൊരിച്ചിലുകളും ധാരാളം നടന്നിട്ടുണ്ട്. എന്നാൽ അധികാരത്തിന്റെയും സമ്പത്തിന്റെയും വംശീയതയുടെയും ദേശീയ വാദത്തിന്റെയും പേരിൽ കൊലചെയ്യപ്പെട്ടവരെക്കാൾ കൂടുതൽ പേരാണ് ദൈവത്തിന്റെയും മതത്തിന്റെയും പേരിൽ കൊലചെയ്യപ്പെട്ടിട്ടുള്ളത്. കൊല്ലാൻ പറയുന്ന ഒരു ദൈവത്തെ വർഗ്ഗീയത പ്രോത്സാഹിപ്പിക്കുന്ന ഒരു ദൈവത്തെ പൂവിട്ടു പൂജിക്കുന്നവർ യഥാർത്ഥ ദൈവത്തെ അറിയാത്തവരാണ്; യഥാർത്ഥ ദൈവത്തെ അവഹേളിക്കുന്നവരാണ്; മൂലക്കല്ലായിരിക്കേണ്ട ദൈവത്തെ പരിത്യജിച്ച് ഭവനം പണിയുവാൻ വ്യഥാ അദ്ധ്വാനിക്കുന്ന പണിക്കാരാണ് അവർ.

## 7. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ

എന്നാൽ ഇതിൽ നിന്നൊക്കെ വ്യത്യസ്തമായ അനുഭവങ്ങളും ചരിത്രത്തിൽ നിന്നും ധാരാളം എടുത്തു കാണിക്കുവാൻ സാധിക്കും. ഉദാഹരണത്തിന്, കുരിശു യുദ്ധം കൊടുംപിരിക്കൊണ്ടിരിക്കുന്ന കാലം; യേശു ജനിച്ചുവളർന്ന വിശുദ്ധ സ്ഥലങ്ങൾ മുസ്ലീം മതവിശ്വാസികളുടെ കൈകളിൽ നിന്നും വീണ്ടെടുക്കുവാൻ ക്രിസ്ത്യാനികൾ പൊരിഞ്ഞ യുദ്ധം ചെയ്യുകയാണ്. ക്രൂശുയോദ്ധാക്കളുടെ കൂട്ടത്തിൽ ഒരിക്കൽ വിശുദ്ധ ഫ്രാൻസിസ് അസീസിയുമുണ്ടായിരുന്നു. എന്നാൽ ആയുധങ്ങളുമായല്ല അദ്ദേഹം പടപൊരുതുവാൻ ചെന്നത്. ചാക്കു വസ്ത്രങ്ങളണിഞ്ഞ് സമാധാന സന്ദേശവുമായി മുസ്ലിം മതാനുയായികളുടെ പാളയത്തിലേയ്ക്ക് കയറിച്ചെല്ലാൻ ശ്രമിച്ച അദ്ദേഹത്തെ ഭടന്മാർ ആക്രമിക്കാൻ ചെന്നു. എന്നാൽ ഇതു കണ്ട സുൽത്താൻ അവരെ തടഞ്ഞു. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ സ്നേഹമനോഭാവത്തിലും പെരുമാറ്റ ശൈലിയിലും ആകൃഷ്ടനായ സുൽത്താൻ അദ്ദേഹത്തെ ബഹുമാനാദരവുകളോടെ സ്വീകരിക്കുകയും ശ്രദ്ധാപൂർവ്വം ശ്രവിക്കുകയും സന്തോഷപൂർവ്വം അംഗരക്ഷകന്മാരുടെ അകമ്പടിയോടെ യാത്രയാക്കുകയും ചെയ്തു. നല്ലവനായ സുൽത്താൻ, അയാൾ വേറൊരു മതവിശ്വാസിയാണെങ്കിലും വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ഉള്ളിൽ വസിച്ചിരുന്ന തന്റെ തന്നെ ദൈവത്തെ തിരിച്ചറിയുകയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നതാണ് നാം ഇവിടെ കാണുന്നത്. ''ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും'' (മത്താ. 5, 8). അതേ, മൂലക്കല്ല് ഉപേക്ഷിച്ചുകളയാത്ത പണിക്കാരായിത്തീരണമെങ്കിൽ, ജീവിതത്തിന്റെ തന്നെ മൂലക്കല്ലായി ഏറ്റവും വലിയ അനുഗ്രഹമായി

ദൈവത്തെ തിരിച്ചറിയാനും അനുഭവിക്കുവാനും നമുക്കു സാധിക്കണമെങ്കിൽ നാം ഹൃദയശുദ്ധിയുള്ളവരായിരിക്കണം.

## 8. യേശുക്രിസ്തുവാണ് സത്യദൈവത്തെ അറിയാനുള്ള സുഗമവും സുരക്ഷിതവുമായ മാർഗ്ഗം.

തികച്ചും അപൂർണ്ണവും പരസ്പരവിരുദ്ധവും വികലവും വിചിത്രവുമായ നൂറു നൂറു സങ്കല്പങ്ങളാണ് മനുഷ്യർക്ക് ദൈവത്തെ കുറിച്ചുള്ളതെന്ന് ഞാൻ സൂചിപ്പിച്ചു. ഇവയുടെ മദ്ധ്യേ നിന്നു കൊണ്ട് യഥാർത്ഥ ദൈവത്തെ തിരിച്ചറിയാൻ നമുക്ക് എങ്ങനെ സാധിക്കും? ദൈവം തന്നെ ഇതിനുള്ള വെളിച്ചം നൽകുന്നില്ലെങ്കിൽ, സ്വയം വെളിപ്പെടുത്തിത്തരുന്നില്ലെങ്കിൽ വെറും മാനുഷികമായ കഴിവുകൾ കൊണ്ടു മാത്രം ഒരുവനും യഥാർത്ഥ ദൈവത്തെ തിരിച്ചറിയാനോ അനുഭവിക്കുവാനോ സാധിക്കുകയില്ല. സൃഷ്ടിയുടെ ആരംഭം മുതൽ സൃഷ്ട വസ്തുക്കളിലൂടെ ദൈവം തന്നെത്തന്നെ മനുഷ്യർക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. (cfr. റോമ. 1, 19-20). സൂര്യനും ചന്ദ്രനും മലയും മഞ്ഞും കാറ്റും കടലും കായ്കളും കനികളും പുഷ്പങ്ങളും പൂമ്പാറ്റകളുമെല്ലാം ദൈവത്തിന്റെ ശക്തിയും സൗന്ദര്യവും മഹത്വവും മനുഷ്യർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നതാണ്. കൂടാതെ പൂർവ്വ പിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും ദൈവം കുറെ കൂടി വ്യക്തമായി മനുഷ്യരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ ക്രിസ്തുവിലാണ് ഈ വെളിപാട് അതിന്റെ പൂർണ്ണതയിലെത്തുന്നത് (cfr. ഹെബ്ര. 1, 1-2). യേശു തന്നെ പറയുന്നതു പോലെ ''പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തിക്കൊടുക്കാൻ മനസ്സാകുന്നുവോ അവനുമല്ലാതെ മറ്റാരും പിതാവിനെയും അറിയുന്നില്ല'' (മത്താ. 11, 27). യേശുക്രിസ്തു ദൈവത്തിൽ നിന്നു വരുന്നവനാണ്; ദൈവത്തെ കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്തവനാണ്; ദൈവത്തിന്റെ തന്നെ പുത്രനാണ്. വികലവും വിചിത്രവുമായ നിരവധി ദൈവ സങ്കല്പങ്ങളുടെ മദ്ധ്യേ ജീവിക്കുന്നവരായ നമുക്ക് സത്യദൈവത്തെ അറിയാനുള്ള ഏറ്റവും സുഗമവും സുരക്ഷിതവുമായ മാർഗ്ഗം യേശു ക്രിസ്തുവാണ്. ഇതുതന്നെയാണ് ഇന്നത്തെ ആദ്യ ലേഖനത്തിൽ നാം വായിച്ചുകേട്ടത്: ''ആകാശത്തിനു കീഴെ മനുഷ്യരുടെയിടെയിൽ നമ്മുടെ രക്ഷയ്ക്കുവേണ്ടി (യേശുവല്ലാതെ) വേറൊരു നാമവും നൽകപ്പെട്ടിട്ടില്ല'' (അപ്പോ. നട. 4, 12).

## 9. ദൈവം സ്നേഹമാണ്

യേശു ക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ് നാം; യേശുവിന്റെ ശിഷ്യന്മാരെന്ന് അഭിമാനിക്കുന്നവരാണ്. എന്നാൽ യേശു ക്രിസ്തു നമുക്കു വെളിപ്പെടുത്തി തരുന്ന ദൈവത്തെ യഥാർത്ഥത്തിൽ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നവരാണോ നാം? പലരുടെയും ജീവിതം കണ്ടാൽ അങ്ങനെ തോന്നുന്നില്ല. യേശു ക്രിസ്തു വെളിപ്പെടുത്തിത്തന്ന ദൈവത്തെ യോഹന്നാൻ തന്റെ ആദ്യ ലേഖനത്തിൽ അവതരിപ്പിക്കുന്നതിപ്രകാരമാണ്: ''ദൈവത്തെ ഒരുവനും ഒരിക്കലും കണ്ടിട്ടില്ല; എന്നാൽ നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും'' (1. യോഹ. 4, 12). അതുകൊണ്ട് യഥാർത്ഥ ദൈവത്തെ തിരിച്ചറിയുവാനും ഉൾക്കൊള്ളുവാനും ദൈവാനുഭവത്തിൽ വളരുവാനും ആഗ്രഹിക്കുന്ന എല്ലാവരെയും വിശുദ്ധ യോഹന്നാൻ ആഹ്വാനം ചെയ്യുന്നത് ഇപ്രകാരമാണ്: ''പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം; എന്തെന്നാൽ സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽ നിന്ന്

ജനിച്ചവനാണ്; അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം ദൈവം സ്നേഹമാണ്" (1. യോഹ. 4, 7-8). വീണ്ടും യോഹന്നാൻ നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു: "ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല" (1. യോഹ. 4, 20). കൊല്ലുന്ന ദൈവമല്ല യഥാർത്ഥ ദൈവം. സ്നേഹമാണ് ദൈവത്തെ തിരിച്ചറിയുവാനുള്ള മാർഗ്ഗം. നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു ഗാനത്തിന്റെ ഈരടികൾ നാം ഇപ്രകാരം ആലപിക്കാറുണ്ടല്ലോ: "സ്നേഹമെവിടെ, ഉപവിയെവിടെ, ദൈവമുണ്ടവിടെ". എവിടെ സ്നേഹവും ഉപവിയുമുണ്ടോ, അവിടെ ദൈവമുണ്ട്. സ്നേഹിക്കാനറിയാത്തവരെല്ലാം, സ്നേഹിക്കാൻ വിമുഖത കാണിക്കുന്നവരെല്ലാം, കുടുംബത്തിനുള്ളിലും സമൂഹത്തിലും സ്നേഹചൈതന്യം പരിപോഷിപ്പിക്കാത്തവരെല്ലാം ദൈവത്തിൽ നിന്നകലെയാണ്. അവരെല്ലാം ഏറ്റവും വലിയ അനുഗ്രഹമായ മൂലക്കല്ലായിരിക്കേണ്ട ദൈവത്തെ ഉപേക്ഷിച്ച് ഭവനം പണിയുവാൻ വൃഥാ അദ്ധ്വാനിക്കുന്ന പണിക്കാരാണ്.

വിശുദ്ധ ഗിവർഗ്ഗീസിന്റെ തിരുനാളാണല്ലോ നാം ഇന്ന് ആഘോഷിക്കുന്നത്. സ്നേഹിക്കുന്ന ദൈവത്തെ അറിയുകയും അനുഭവിക്കുകയും ചെയ്തവനാണ് വിശുദ്ധ ഗിവർഗ്ഗീസ്. കൊല്ലുന്ന ദൈവം, പകയും വിദ്വേഷവും പ്രോത്സാഹിപ്പിക്കുന്ന ദൈവം ഗിവർഗ്ഗീസിന്റെ പാദങ്ങളിൽ കിടക്കുന്ന പിശാചാണ്. ആ കള്ള ദൈവത്തെ അദ്ദേഹം കൊന്നു. അക്രമത്തിന്റെയും അനീതിയുടെയും അഴിമതിയുടെയും മദ്യത്തിന്റെയുമൊക്കെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ആ കള്ള ദൈവത്തെ അദ്ദേഹം നാമാവശേഷമാക്കി. സ്നേഹത്തിന്റെ രൂപത്തിൽ താൻ അനുഭവിച്ചറിഞ്ഞ സത്യ ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹത്തെ പ്രതി സ്വജീവനെത്തന്നെ സമർപ്പിച്ചവനാണ്, രക്തസാക്ഷിത്വം വരിച്ചവനാണ് വിശുദ്ധ ഗിവർഗ്ഗീസ്. ഏറ്റവും വലിയ അനുഗ്രഹത്തിനായി അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം നമുക്ക് അപേക്ഷിക്കാം. അദ്ദേഹത്തെ അനുകരിച്ച് ഏറ്റവും വലിയ അനുഗ്രഹമായ ദൈവത്തെ സ്നേഹത്തിന്റെ രൂപത്തിൽ തിരിച്ചറിയുവാനും മൂലക്കല്ലായി സ്വീകരിക്കുവാനും ദൈവാനുഭവത്തിൽ, സ്നേഹാനുഭവത്തിൽ നിരന്തരം വളരുവാനുള്ള കൃപയ്ക്കായി ഈ ദിവ്യബലി അർപ്പിച്ചുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം.

ഇന്നത്തെ സുവിശേഷത്തിൽ മൂലക്കല്ലായ യേശു, നല്ല ഇടയനായ യേശു, സ്നേഹത്താൽ പ്രേരിതനായി സ്വന്തം ജീവനെപ്പോലും നമുക്കായി അർപ്പിച്ച യേശു നമ്മോടു പറയുന്നതിതാണ്: "ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്ക് വേണ്ടി ജീവൻ അർപ്പിക്കുന്നു" (യോഹ. 11, 11). ഏറ്റവും വലിയ അനുഗ്രഹമായി യേശുവിനെ സ്വീകരിച്ചുകൊണ്ട് സ്നേഹത്തിൽ വളരുവാൻ നിശ്ചയിച്ചുറച്ചുകൊണ്ട്, നമുക്കും അവിടുത്തോടു ഇപ്രകാരം മറുപടി പറയാം: "കർത്താവാണ് എന്റെ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല" (സങ്കീ. 23, 1).

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.